വൈദ്യുതി സ്വന്തമായി ഉത്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ

77 (444) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗാർഹികാവശ്യങ്ങളിലേക്കുള്ള വൈദ്യുതി സ്വന്തമായി ഉത്പാദിപ്പിക്കുന്നതിന് സഹായകമായ നിലവിലുള്ള സംസ്ഥാന/കേന്ദ്ര പദ്ധതികളുടെ വിശദാംശം അറിയിക്കുമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇത്തരം പദ്ധതികൾക്കായി എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്നും ആയതിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും എത്ര മെഗാവാട്ട് വൈദ്യുതി ഇത്തരത്തിൽ ഉത്പാദിപ്പിച്ചിട്ടുണ്ടെന്നുമുള്ള വിവരങ്ങളുടെ വിശദാംശങ്ങൾ വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഗാർഹികാവശ്യങ്ങൾക്കുള്ള വൈദ്യുതി സ്വന്തമായി ഉത്പാദിപ്പിക്കുന്നതിന് സഹായകമായി അനെർട്ടിന്റെ ആഭിമുഖ്യത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ ആവിഷ്കരിച്ച നടപ്പിലാക്കുന്ന പദ്ധതികളാണ് 10,000 സൗരഗൃഹ പദ്ധതി, സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതി എന്നിവ.

സംസ്ഥാനത്തിന്റെ വൈദ്യുതി ഉത്പാദന സ്ഥാപിതശേഷി 10 മെഗാവാട്ട് ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച 10000 സൗരഗൃഹ പദ്ധതി അതിന്റെ അന്തിമഘട്ടത്തിലാണ്. ഏകദേശം 8000-ത്തിലധികം പ്രതിഷ്ഠാപനങ്ങൾ കഴിഞ്ഞ പദ്ധതിയിൽ, അർഹരായ അപേക്ഷകർക്ക് പ്ലാന്റ് ഒന്നിന് കേന്ദ്ര ധനസഹായമായി 52,197 രൂപയും സംസ്ഥാന ധനസഹായമായി 39,000 രൂപയും നിലവിൽ ലഭ്യമാക്കുന്നുണ്ട്.

12 മെഗാവാട്ട് സ്ഥാപിതശേഷി ലക്ഷ്യമാക്കി അനെർട്ട് ആവിഷ്കരിച്ച നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സോളാർ കണക്ട് ശൃംഖലാബന്ധിത സൗരോർജ്ജ വൈദ്യുത പദ്ധതി. ഉത്പാദിപ്പിക്കുന്ന വൈദ്യുതി സ്വന്തം ആവശ്യം കഴിഞ്ഞ് കെ.എസ്.ഇ.ബി.-യിലേക്ക് ലഭ്യമാക്കുന്ന ഈ പദ്ധതിയിൽ 2 മുതൽ 50 കിലോവാട്ട് വരെയുള്ള പവർ പ്ലാന്റുകൾക്ക് അപേക്ഷിക്കാവുന്നതാണ്. അർഹരായ അപേക്ഷകർക്ക് പരമാവധി കേന്ദ്ര ധനസഹായമായി 24000 രൂപ പ്രതി കിലോവാട്ടും സംസ്ഥാന ധനസഹായമായി 10000 രൂപ പ്രതി കിലോവാട്ടും ലഭ്യമാകും.

(ബി) സൗരോർജ്ജ ഓഫ് ഗ്രിഡ് പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

വർഷം	ബഡ്ജറ്റ് (രൂപ കോടിയിൽ)	ചെലവ് (രൂപകോടിയിൽ)	സ്ഥാപിതശേഷി
2012-13	24.96	5.8	1487 കിലോവാട്ട്
2013-14	13.93	7.29	1871 കിലോവാട്ട്
2014-15	3.95	6.25	1604 കിലോവാട്ട്
2015-16	---	04.94	1268 കിലോവാട്ട്

സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതിയിൽ 2013-14 കാലയളവിൽ 499 ലക്ഷം രൂപയും 2015-16 കാലയളവിൽ 15.47 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിൽ 15 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു.

ഗാർഹിക വൈദ്യുതിയുടെ യൂണിറ്റ് വില

78 (445) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഗാർഹിക ഉപയോഗത്തിനുള്ള ഒരു യൂണിറ്റ് വൈദ്യുതിയ്ക്ക് എത്ര രൂപയാണ് ഉപഭോക്താവിൽ നിന്നും ഈടാക്കിയിരുന്നത് ; വ്യക്തമാക്കുമോ ;

(ബി) 1-11-2015-ൽ ഗാർഹിക ഉപയോഗത്തിനുള്ള ഒരു യൂണിറ്റ് വൈദ്യുതിയ്ക്ക് ഈടാക്കുന്ന തുക എത്രയെന്നു വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര തവണ വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചു ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) നിലവിലുള്ള സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള ഗാർഹിക ഉപഭോക്താക്കളുടെ നിരക്കും, 1-11-2015-ലെ നിരക്കും അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) മൂന്നു തവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധനവിന്റെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly